Mr. A. B. Salem *(Mattancheri):* A reference to the publication may be made.

Mr. E. Ikkanda Warriar *(Cheruthuruthi):* The list of irrigation schemes that I asked for and which was placed on the table to day, for instance, can be published. It will be of much public interest.

Mr. President : The suggestion will be kept in mind.

LEGISLATIVE BUSINESS

The Cochin Tenancy Act (Amendment) Bill

Mr. C. V. Iyyu *(Kunnamkulam):* Sir, I move that the Cochin Tenancy Act (Amendment) Bill be taken up and finally passed.

Mr. V. K. Krishnankutty *(Ezhuvas-Trichur):* I second it.

Motion put and carried

The Cochin Agriculturists' Relief Act (Amendment) Bill No. 1—*(cont.)*

* മിസ്റ്റർ ടി. കെ. നായർ: സർ, ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലെ തത്വങ്ങളോട് ഞാൻ യോജിക്കുന്നു. ഈ ബില്ലിന്റെ ഉദ്ദേശങ്ങളിൽ പ്രധാനമായി ചേർത്തിട്ടുള്ളതു് രണ്ടു തത്വങ്ങളാണു്. അതിൽ ഒന്നു് ഒരു കടക്കാരനു് കൃഷ്കാശ്വാസ നിയമപ്രകാരം കടം വെട്ടിച്ചുരുക്കിയാലും കടം കൊടുത്തതു തിരിക്കുവാൻ പണമുണ്ടാകാതെ വരുന്ന അവസരത്തിൽ അയാളുടെ വസ്തുക്കൾ ലേലം ചെയ്തു വിറ്റുപോകാതെ കഴിക്കുന്നതിനായി അയാളുടെ കടങ്ങൾക്കു വേണ്ടി ആ വസ്തുക്കളെ കോട്ടിൽ നിന്നു് വീതിച്ചു കൊടുപ്പിക്കണമെന്നുള്ളതാണു്. രണ്ടാമത്തെ തത്വം, മുതലോളം തന്നെ കടമുള്ള ഒരാളായാലും വസ്തു മുഴുവൻ വീതിച്ചുകൊടുത്തു്, മേലാൽ ആ കടക്കാരനു കഴിയുന്നതിനു് യാതൊരു നിവൃത്തിയുമില്ലാതെ വരുന്ന ഘട്ടത്തിൽ, കഴിഞ്ഞുകൂടുവാനുള്ള ഒരു വക ആ കടക്കാരനു് കോട്ടിൽ നിന്നു വിട്ടുകൊടുക്കണമെന്നുള്ളതാണു്. ഈ രണ്ടു തത്വങ്ങളോടും ഞാൻ ബലമായി യോജിക്കുന്നു. ഇവിടെ പാസ്സാക്കിയ കൃഷ്കാശ്വാസ ബില്ലിന്റെ മൂന്നാം വായന നടന്ന അവസരത്തിൽ അങ്ങിനെ ഒരു ബിൽ കൊണ്ടുവന്നതിനു് ഞാൻ ഗവമ്മെണ്ടിനെ അനുമോദിച്ചതോടൊപ്പം അതിനനുസരിച്ചു് ഒരു കടക്കാരന്റെ കടം വെട്ടിച്ചുരുക്കുന്നതായാൽ ആ കടം കൊടുത്തതു തിരിക്കുവാൻ കടക്കാരനു് സംഖ്യയുണ്ടാകുന്നതിനു് യാതൊരു മാർഗ്ഗവുമില്ലെന്നു് ഗവമ്മെണ്ടിനെ ധരിപ്പിച്ചതായി ഓർക്കുന്നുണ്ടു്. ബഹുമാനപ്പെട്ട ഗവമ്മെണ്ടു് ഒരുവുണ്ടായി ഈ വക കടക്കാർക്കു് എതെങ്കിലും വിധം കടം വീട്ടുവാനുള്ള സംഖ്യയുണ്ടാക്കി കൊടുക്കുവാൻ വേണ്ടി ഒരു ബോണ്ടു് ഇഷ്യൂ ചെയ്യുന്നതിനു് ആലോചിക്കുകയും ആവിഷയം ആലോചിച്ചു തീർപ്പാക്കുവാൻ ഒരു കമ്മറിയെ വെക്കുകയും ചെയ്തു. ആ കമ്മറി അതിന്റെ റിപ്പോർട്ടും സമർപ്പിച്ചു. ഇന്നത്തെ ലോകസ്ഥിതികൊണ്ടു്, തല്ക്കാലം ഇങ്ങനെയൊരു വിഷയത്തിൽ പ്രവേശിക്കുന്നതു് നന്നായിരിക്കുകയില്ലെന്നു് ഗവമ്മെണ്ടിനു് ബോദ്ധ്യപ്പെട്ടതോടു കൂടി അ

* Speech not corrected by the hon'ble member

LIBRARY ARCHIVES Kerala Legislative Assembly